**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 130** **23-08-2022 - ൽ മറുപടിയ്ക്ക്**

**വടകര പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022 ജൂലൈ 21-ന് വടകര പോലീസ് കസ്റ്റഡിയിലെടുത്ത സജീവൻ, പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടയുകയുണ്ടായോ; അക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; | (എ) | 2022 ജൂലൈ 21-ന് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 633/2022 u/s 118(a) KP Act പ്രകാരമുള്ള കേസിൽ പ്രതിസ്ഥാനത്തുണ്ടായിരുന്ന സജീവൻ എന്നയാളെ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ നിന്നും വിട്ടയച്ചശേഷം മരണപ്പെടുകയുണ്ടായി. സംഭവത്തിന് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 634/2022 u/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. കേസ് ക്രൈം നമ്പർ 116/CB/KKD & WYD/R/2022 ആയി തുടർ അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഇതേ തുടർന്ന് പ്രസ്തുത പോലീസ് സ്റ്റേഷനിലെ മുഴുവൻ പോലീസുകാരെയും വിവിധ സ്റ്റേഷനുകളിലേക്ക് സ്ഥലംമാറ്റുകയുണ്ടായോ; എങ്കിൽ അപ്രകാരം സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | (ബി) | ഭരണ സൗകര്യാർത്ഥം സ്റ്റേഷനിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥരെയും വിവിധ സ്റ്റേഷനുകളിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |
| (സി) | ഈ കേസിൽ സ്റ്റേഷനിലെ മുഴുവൻ പോലീസുകാർക്കും പങ്കുണ്ടെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായോ; | (സി) | പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്. |
| (ഡി) | ഈ സംഭവത്തിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ളത് ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ഡി) | (സി) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞ സജീവന്റെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ? | (ഇ) | കസ്റ്റഡിയിലിരിയ്ക്കവേ മരണമടയുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ